# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4344 — 12.11.2019 -ൽ മറുപടിയ്ക്ക്

### കോവളത്തെ സൺ ബാത്ത് പാർക്ക്

| | ചോദ്യം<br>ശ്രീ.എം. വിൻസെന്റ് : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വിനോദ സഞ്ചാരികളെ ലക്ഷ്യമിട്ട് കോവളത്ത് നിർമ്മിച്ച സൺ ബാത്ത് പാർക്ക് കാട് കയറി നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | സൺ ബാത്ത് പാർക്ക് പ്രവർത്തനക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എത്ര കോടി രൂപയാണ് പ്രസ്തുത പാർക്കിനായി മുടക്കിയത്; വ്യക്തമാക്കാമോ; | (ബി) | 4,68,00,000/- ( നാലുകോടി അറുപത്തി എട്ട് ലക്ഷം) രൂപയുടെ ഭരണാനുമതിയാണ് നൽകിയിരുന്നത്. ടി പദ്ധതിയ്ക്കായി 2,07,38,479/- ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതായി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. അന്തിമ തുകയുടെ വിശദാംശങ്ങൾ നിർവ്വഹണ ഏജൻസിയായ സംസ്ഥാന തീരദേശ വികസന കോർപ്പറേഷനിൽ നിന്നും ലഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത സ്ഥലം ഉപയോഗപ്രദമാക്കുന്നതിനായി ടൂറിസം പ്രൊമോഷൻ കൗൺസിലിന് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (സി) & (ഡി) | പ്രസ്തുത പദ്ധതിയുടെ തുടർ പരിപാലനം തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | ടൂറിസം കേന്ദ്രങ്ങളിലെ കോടിക്കണക്കിന് രൂപ മുടക്കിയുള്ള ഇത്തരം നിർമ്മിതികൾ തുടർപരിപാലനം ഇല്ലാതെ നശിക്കുന്ന സ്ഥിതിവിശേഷം കണക്കിലെടുത്ത് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ